**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ഓട്ടോയുടെ സ്പെയർപാർട്സുകൾ വാങ്ങിയതിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നും നാളിതുവരെ എത്ര ഇലക്ട്രിക് ഓട്ടോകൾ നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 352 പാസഞ്ചർ ഇലക്ട്രിക് ഓട്ടോകൾ നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറങ്ങിയിട്ടുണ്ട്. |
| (ബി) | ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിൽ നിലവിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇലക്ട്രിക് ഓട്ടോയുടെ നിർമ്മാണത്തിൽ നിലവിൽ സാങ്കേതികമായി യാതൊരു പ്രതിസന്ധിയും നിലനിൽക്കുന്നില്ല. |
| (സി) | ഇലക്ട്രിക് ഓട്ടോയുടെ സ്പെയർപാർട്സുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതി നടന്നതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ കമ്പനിതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. കേരള ആട്ടോ-മൊബൈൽസ് ലിമിറ്റഡിനെതിരെ പരാതികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇലക്ട്രിക് ഓട്ടോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന പ്രധാന സ്പെയർ പാർട്സുകൾ എല്ലാം തന്നെ സർക്കാരിന്റെ ഇ-ടെൻഡർ സംവിധാനം വഴി ടെൻഡർ വിളിച്ച് കമ്പനിയിലെ ടെക്നിക്കൽ / പർച്ചേസ് കമ്മിറ്റിയുടെ ശുപാർശയോടു കൂടിയാണ് വാങ്ങുന്നത്. കൂടാതെ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യ-മായി വരുന്ന വളരെ വിലകൂടിയ ഉപകരണങ്ങളും മറ്റും ബ്രഹ്മോസ് എയ്റോസ്പേസ്, എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങിയ സ്ഥാപന-ങ്ങളിലെ വിദഗ്ദ്ധരുടെ ഉപദേശ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്. പൊതു-വായ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിച്ച് റിയാബ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ